# 17/2014-M

Maximum : 100 marks

Time : 1 hour and 15 minutes

1. ഒരു ജോലി ചെയ്തു തീർക്കാൻ $A$ യ്ക്ക് രണ്ട് ദിവസം $B$ യ്ക്ക് മൂന്നു ദിവസം C യ്ക്ക് ആറ് ദിവസം എന്നിങ്ങനെ വേണം. അതേ ജോലി അവർ മൂന്ന് പേരും കൂടി ഒരുമിച്ച് ചെയ്താൽ എത്ര ദിവസം കൊണ്ട് തീരും?

   (A) 11 (B) 1
   (C) 10 (D) 5

2. $2^x \times 8^x = (2^x)^x$ ആയാൽ $x$ ന്റെ വില എത്ര?

   (A) 2 (B) 0
   (C) 1 (D) 4

3. $50 - 60 \div 5(8 - 2) =$

   (A) $-12$ (B) $-22$
   (C) 12 (D) 48

4. $ABCD$ എന്ന സമചതുരത്തിന്റെ വശത്തിന്റെ മദ്ധ്യബിന്ദുക്കൾ യഥാക്രമം $P, Q, R, S$ എന്നിവയാണ്. $PQRS$ എന്ന സമചതുരത്തിന്റെ വശത്തിന്റെ മദ്ധ്യബിന്ദുക്കൾ $M, N, O, P$ എന്നിവയാണ് $MNOP$ യുടെ ചുറ്റളവ് 16 സെ.മീ. ആയാൽ $ABCD$ യുടെ ചുറ്റളവ് എത്ര?

   (A) 32 (B) 48
   (C) 64 (D) 16

5. 7 + 12 + 17 + 22 + .......... എന്ന ശ്രേണിയുടെ തുടർച്ചയായ 20 പദങ്ങളുടെ തുക 1090. എങ്കിൽ 10 + 15 + 20 + ........... എന്ന ശ്രേണിയുടെ തുടർച്ചയായ 20 പദങ്ങളുടെ തുക എത്ര?

   (A) 1100 (B) 1010
   (C) 1150 (D) 1120

6. 1
   4 9
   16 25 36
   – – –

   ഈ സംഖ്യാപിരമിഡിലെ ഏഴാം വരിയിലെ ആദ്യത്തെ സംഖ്യ ഏത്?

   (A) 324 (B) 484
   (C) 784 (D) 576

7. $a+b=-1$, $a=-3$, $b$ യുടെ വില എത്ര?

(A) $-2$ (B) 4

(C) $-4$ (D) 2

8. 2, 4, 8, 16. ഒറ്റയാൻ ഏത്?

(A) 4 (B) 8

(C) 16 (D) 2

9. ഒരാൾ 10 മീ. നേരേ കിഴക്കോട്ടു നടന്നശേഷം 4 മീ. തെക്കോട്ടു നടന്നു. അതിനുശേഷം 13 മീ. പടിഞ്ഞാറോട്ടു നടന്നു. യാത്ര ആരംഭിച്ച സ്ഥലത്തുനിന്നും ഇപ്പോൾ നിൽക്കുന്ന സ്ഥലത്തേക്കുള്ള കുറഞ്ഞ ദൂരം എത്ര?

(A) 4 മീ. (B) 5 മീ.

(C) 27 മീ. (D) 3 മീ.

10. MAT 13120 ആയാൽ SAT എത്ര?

(A) 19120 (B) 19201

(C) 91120 (D) 19020

11. 2014 ജനുവരി 1 ബുധനാഴ്ചയാണ്. എങ്കിൽ 2014 മെയ് 1 ഏത് ദിവസമാണ്?

(A) ബുധൻ (B) ചൊവ്വ

(C) വ്യാഴം (D) വെള്ളി

12. ക്ലോക്കിന്റെ പ്രതിബിംബം നോക്കി ഒരു കുട്ടി സമയം 9.10 ആണെന്ന് പറഞ്ഞു. എങ്കിൽ ക്ലോക്കിന്റെ യഥാർത്ഥ സമയം എത്ര?

(A) 3.10 (B) 2.50

(C) 3.50 (D) 2.10

13. 10 സെക്കന്റിൽ മണിക്കൂർ സൂചി എത്ര ഡിഗ്രി ചലിക്കണം?

(A) 36° (B) 10°

(C) 2° (D) 1°

14. മൂന്നു ഒന്നുകൾ, രണ്ട് 1/10 കൾ, മൂന്ന് 1/1000 ങ്ങൾ. സംഖ്യയേത്?

(A) 3.23 (B) 3.203

(C) 3.023 (D) 32.03

15. അങ്കഗണിതം : സംഖ്യ

ബീജഗണിതം : ——————

(A) $x$ (B) രൂപങ്ങൾ

(C) ചരം (D) അളവുകൾ

16. ഒരു കച്ചവടക്കാരൻ 10 രൂപയുടെ പേന 11 രൂപയ്ക്കാണ് വിറ്റത്. ലാഭശതമാനം എത്ര?

(A) 11 (B) 9

(C) 8 (D) 10

17. $x : y = 5 : 1$, $x \times y = 320$ ആയാൽ $x$, $y$ എത്ര?

(A) 16, 20 (B) 8, 40

(C) 40, 8 (D) 20, 16

18. $1 - \frac{1}{2} - \frac{1}{4} - \frac{1}{8} - \frac{1}{16}$ എത്ര?

(A) $\frac{1}{16}$ (B) $\frac{1}{8}$

(C) 0 (D) $\frac{1}{4}$

19. $x$ ന്റെ 90% $y$, $y$ യുടെ 80% $z$ ആയാൽ $x$ ന്റെ എത്ര ശതമാനമാണ് $z$?

(A) 72 (B) 64

(C) 81 (D) 70

20. 8% പലിശ കണക്കാക്കുന്ന ഒരു ബാങ്കിൽ $A$, $B$ എന്നിവർ ഒരേ തുക രണ്ട് വർഷത്തേക്ക് നിക്ഷേപിക്കുന്നു. $A$ സാധാരണപലിശയ്ക്കും, $B$ കൂട്ടുപലിശയ്ക്കുമാണ് നിക്ഷേപിച്ചത്. $B$ യ്ക്ക് രണ്ട് വർഷം കഴിഞ്ഞപ്പോൾ $A$ യേക്കാൾ 128 രൂപ കൂടുതൽ ലഭിച്ചുവെങ്കിൽ നിക്ഷേപിച്ച തുക എത്ര?

(A) 25,000 (B) 15,000

(C) 20,000 (D) 10,000

21. മൃഗങ്ങളോടുള്ള ക്രൂരത അവസാനിപ്പിക്കണം എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സംഘടന :
(A) WWF
(B) SPCA
(C) IUPAC
(D) WHO

22. ശാസ്ത്രീയമായ രീതിയിൽ നടത്തുന്ന മത്സ്യകൃഷിക്ക് പറയുന്ന പേര് :
(A) എപ്പികൾച്ചർ
(B) ടിഷ്യുകൾച്ചർ
(C) പിസികൾച്ചർ
(D) സെറികൾച്ചർ

23. 'സ്പീഷീസ്' എന്ന വാക്ക് ആദ്യമായി ഉപയോഗിച്ച ശാസ്ത്രജ്ഞൻ :
(A) റോൺജൻ
(B) ചരകൻ
(C) കാൾ ലിനേയസ്
(D) ജോൺറേ

24. പ്രപഞ്ചത്തിലെ മൊത്തം ദ്രവ്യത്തിന്റെ മുക്കാൽഭാഗവും അടങ്ങിയിരിക്കുന്ന മൂലകം ഏത്?
(A) ഹൈഡ്രജൻ
(B) ഓക്സിജൻ
(C) നൈട്രജൻ
(D) കാർബൺ

25. ശ്വസന വാതകങ്ങളുടെ സംവഹനത്തിന് സഹായിക്കുന്ന രക്തത്തിലെ ഘടകം ഏത്?
(A) വെളുത്ത രക്താണുക്കൾ
(B) പ്ലേറ്റ്ലറ്റുകൾ
(C) ചുവന്ന രക്താണുക്കൾ
(D) പ്ലാസ്മ

26. ഉറച്ച പ്രതലത്തിൽ തട്ടുമ്പോൾ പ്രത്യേക തരം ശബ്ദം പുറപ്പെടുവിക്കാനുള്ള ലോഹങ്ങളുടെ കഴിവാണ് :
(A) മാലിയബിലിറ്റി
(B) സൊണോറിറ്റി
(C) ഡക്ടിലിറ്റി
(D) മെറ്റാലിക് ലസ്റ്റർ

27. 'ഹെൻറി' എന്നത് ഏത് ഇലക്ട്രോണിക് ധർമ്മത്തിന്റെ യൂണിറ്റാണ്?
(A) ഇൻഡക്റ്റൻസ്
(B) റസിസ്റ്റൻസ്
(C) കപ്പാസിറ്റൻസ്
(D) റെക്റ്റിഫിക്കേഷൻ

28. ഗ്രഹങ്ങൾ തമ്മിലുള്ള ദൂരം അളക്കുന്നതിന് ഉപയോഗിക്കുന്ന തോത് :
(A) പ്രകാശവർഷം
(B) അസ്ട്രോണമിക്കൽ യൂണിറ്റ്
(C) നോട്ടിക്കൽ മൈൽ
(D) കിലോമീറ്റർ

29. ഒരു ഞാറ്റുവേലയുടെ കാലയളവ് ഏകദേശം :
(A) 30 ദിവസം
(B) 5-10 ദിവസങ്ങൾ
(C) 13-14 ദിവസങ്ങൾ
(D) 20-25 ദിവസങ്ങൾ

30. 20-20 അന്താരാഷ്ട്ര ക്രിക്കറ്റിൽ 6 പന്തുകളിൽ നിന്ന് 36 റൺസ് നേടിയ ഏക ഇന്ത്യൻ താരം :
(A) എം.എസ്. ധോണി
(B) സച്ചിൻ ടെൻഡുൽക്കർ
(C) യുവരാജ് സിംഗ്
(D) ഗൗതം ഗംഭീർ

31. അന്താരാഷ്ട്ര ഫുട്ബോൾ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ഗോളുകൾ നേടിയിട്ടുള്ള കളിക്കാരൻ :

(A) മാരഡോണ (B) മെസ്സി
(C) സിഡാൻ (D) പെലെ

32. മികച്ച ഗായികയ്ക്കുള്ള കേരള സംസ്ഥാന അവാർഡ് തുടർച്ചയായി 10 തവണ കരസ്ഥമാക്കിയിട്ടുള്ള ഗായിക :

(A) പി. സുശീല (B) കെ.എസ്. ചിത്ര
(C) എസ്. ജാനകി (D) മാധുരി

33. 'സൗരകളങ്കങ്ങൾ' ആദ്യമായി കണ്ടെത്തിയ ശാസ്ത്രജ്ഞൻ :

(A) ന്യൂട്ടൻ (B) ഐൻസ്റ്റീൻ
(C) ഗലീലിയോ (D) അരിസ്റ്റോട്ടിൽ

34. ഏറ്റവും കൂടുതൽ ഉപഗ്രഹങ്ങളുള്ള ഗ്രഹം ഏത്?

(A) വ്യാഴം (B) ശനി
(C) നെപ്റ്റ്യൂൺ (D) യുറാനസ്

35. 'അബ്സൊല്യൂട്ട് സീറോ' എന്ന പദം താഴെ കൊടുക്കുന്നവയിൽ ഏത് വിഭാഗവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) കാന്തികത (B) താപം
(C) പ്രകാശം (D) ശബ്ദം

36. കേരളത്തിലെ ഏറ്റവും വലിയ താലൂക്ക് സ്ഥിതിചെയ്യുന്ന ജില്ല ഏത്?

(A) തൃശ്ശൂർ (B) തിരുവനന്തപുരം
(C) മലപ്പുറം (D) കൊല്ലം

37. 'ദേശീയ യുവജനദിന'മായി ആചരിക്കുന്നത് ആരുടെ ജന്മദിനമാണ്?

(A) ഭഗത്സിംഗ് (B) സ്വാമി വിവേകാനന്ദൻ
(C) ബേഡൻ പൗവ്വൽ (D) രാജീവ് ഗാന്ധി

38. മലയാളത്തിലെ ഏറ്റവും വലിയ നോവൽ :

(A) അവകാശികൾ (B) കയർ
(C) യന്ത്രം (D) സുന്ദരികളും സുന്ദരന്മാരും

39. 2013 ലെ വയലാർ അവാർഡ് നേടിയ സാഹിത്യകാരൻ :

(A) ശരത്ചന്ദ്ര വർമ്മ (B) പ്രഭാവർമ്മ
(C) കരിപ്പുഴ ശ്രീകുമാർ (D) മുരുകൻ കാട്ടാകട

40. മണ്ണിനെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയുടെ പേര് :

(A) ടാക്സോണമി (B) പാലിയന്റോളജി
(C) പെഡോളജി (D) ഓർണിത്തോളജി

41. ഇൻഡ്യയിലെ ഏറ്റവും വലിയ വാണിജ്യ ബാങ്ക് :

(A) SBI (B) UBI

(C) RBI (D) SBT

42. രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ആദ്യത്തെ സൈബർ ക്രൈം ആരുടെ പേരിലാണ്?

(A) ഗുൽഷൻ കുമാർ (B) ജോസഫ് മേരി ജാക്വാഡ്

(C) പവൻ ഡുഗ്ഗാൽ (D) മുഹമ്മദ് ഫിറോസ്

43. ഏത് രാജ്യത്തിന്റെ മാതൃകയിലാണ് ഇൻഡ്യയിൽ പഞ്ചവൽസര പദ്ധതികൾ ആരംഭിച്ചത്?

(A) അമേരിക്ക (B) സോവിയറ്റ് യൂണിയൻ

(C) ചൈന (D) ബ്രിട്ടൻ

44. കേരളത്തിന്റെ വിസ്തീർണ്ണം :

(A) 3863 ച.കി.മീ. (B) 36863 ച.കി.മീ.

(C) 3214 ച.കി.മീ. (D) 38863 ച.കി.മീ.

45. ഇൻഡ്യയിലെ ഏക അഗ്നിപർവ്വതം എവിടെ സ്ഥിതിചെയ്യുന്നു?

(A) ലക്ഷദ്വീപ് (B) ആൻഡമാൻ നിക്കോബാർ

(C) ദാദ്രാനഗർ ഹവേലി (D) ഹിമാചൽ പ്രദേശ്

46. ഇൻഡ്യയുടെ ഒന്നാം സ്വാതന്ത്ര്യസമരത്തിലെ ആദ്യ രക്തസാക്ഷി :

(A) ബഹദൂർ ഷാ (B) താന്തിയാതോപ്പി

(C) മംഗൾപാണ്ഡെ (D) നാനാസാഹിബ്

47. താഴെ പറയുന്നവരിൽ ചേരിചേരാ പ്രസ്ഥാനവുമായി ബന്ധമില്ലാത്തത് ആർക്ക്?

(A) നെഹ്റു (B) ടിറ്റോ

(C) നാസർ (D) ചർച്ചിൽ

48. 'അന്യർക്കുവേണ്ടി ജീവിക്കുന്നവരെ ജീവിക്കുന്നുള്ളു മറ്റുള്ളവരെല്ലാം മരിച്ചവർക്ക് തുല്യമാണ്'. ഇത് ആരുടെ വാക്കുകൾ?

(A) ശ്രീനാരായണഗുരു (B) ഗാന്ധിജി

(C) വിവേകാനന്ദൻ (D) ശ്രീബുദ്ധൻ

49. മോൻപാ, അകാ മുതലായ പ്രാദേശിക ഭാഷകൾ നിലവിലുള്ള സംസ്ഥാനം :

(A) അരുണാചൽ പ്രദേശ്
(B) നാഗാലാന്റ്
(C) മേഘാലയ
(D) ഹരിയാന

50. ആൾ ഇൻഡ്യാ കോൺഗ്രസ്സ് കമ്മറ്റി ചരിത്ര പ്രസിദ്ധമായ ക്വിറ്റ് ഇന്ത്യാ പ്രമേയം പാസ്സാക്കിയ തീയ്യതി :

(A) 1942 ആഗസ്റ്റ് 8
(B) 1942 ആഗസ്റ്റ് 9
(C) 1942 ജനുവരി 26
(D) 1942 ആഗസ്റ്റ് 15

51. ഇൻഡ്യയിലെ റിസർവ്വ് ബാങ്ക് ഗവർണ്ണർ :

(A) സുബ്ബറാവു
(B) എം.എസ്. അലുവാലിയ
(C) ശിവശങ്കർ മേനോൻ
(D) രഘുറാം രാജൻ

52. ഇൻഡ്യയിൽ മനുഷ്യാവകാശ സംരക്ഷണ നിയമം നിലവിൽ വന്നത് :

(A) 1994
(B) 1993
(C) 2001
(D) 1992

53. ലോകവ്യാപാര സംഘടനയുടെ ആസ്ഥാനം :

(A) ന്യൂയോർക്ക്
(B) ജനീവ
(C) പാരീസ്
(D) ന്യൂഡൽഹി

54. കൂനൻ കുരിശ് സത്യം നടന്ന വർഷം :

(A) 1763
(B) 1853
(C) 1563
(D) 1653

55. ടാറ്റാ അയൺ ആൻഡ് സ്റ്റീൽ കമ്പനിയുടെ (TISCO) ആസ്ഥാനം :

(A) ജംഷഡ്പൂർ
(B) ഭിലായ്
(C) റൂർക്കല
(D) ബൊക്കാറോ

56. താജ്മഹലിനെ കാലത്തിന്റെ കവിൾത്തടത്തിലെ കണ്ണുനീർത്തുള്ളി എന്ന് വിശേഷിപ്പിച്ചത് :

(A) ഗാന്ധിജി
(B) ടാഗോർ
(C) ബങ്കിം ചന്ദ്ര ചാറ്റർജി
(D) നെഹ്റു

57. നാട്ടുരാജ്യങ്ങളെ ഇൻഡ്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിനായി രൂപീകരിക്കപ്പെട്ട സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറി :

(A) സർദാർ പട്ടേൽ
(B) ഫസൽ അലി
(C) വി.കെ. കൃഷ്ണമേനോൻ
(D) വി.പി. മേനോൻ

58. 2005 ൽ പാർലമെന്റ് പാസ്സാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടി :

(A) NREGS
(B) IAY
(C) SGSY
(D) SJSRY

59. 10 വർഷക്കാലം മണിപ്പൂരിൽ നിരാഹാര സമരം അനുഷ്ഠിച്ച മനുഷ്യാവകാശ പ്രവർത്തക :

(A) മേധാ പട്ക്കർ
(B) ആങ്സാൻ സ്യൂചി
(C) ഇറോം ഷാനു ഷർമിള
(D) ഭിക്കാജി കാമ

60. ഹിമാലയ പർവ്വത രൂപീകരണ പ്രക്രിയകളുടെ ഫലമായി അപ്രത്യക്ഷമാവുകയും ഇപ്പോഴും ഭൂമിക്കടിയിലൂടെ ഒഴുകുകയും ചെയ്യുന്ന നദി :

(A) ദാമോദർ നദി
(B) സരസ്വതി നദി
(C) ലൂണി നദി
(D) താപ്തി നദി

61. സൈമൺ കമ്മീഷൻ വിരുദ്ധ പ്രകടനത്തിന് നേരേയുണ്ടായ ലാത്തി ചാർജ്ജിനെത്തുടർന്ന് അന്തരിച്ച സ്വാതന്ത്ര്യസമര സേനാനി :

(A) ഭഗത്സിംഗ്
(B) മംഗൾ പാണ്ഡെ
(C) ദാദാഭായ് നവറോജി
(D) ലാലാ ലജ്പത് റായി

62. സംസ്ഥാന വനിതാ കമ്മീഷൻ ചെയർ പേഴ്സൺ :

(A) കെ.സി. റോസക്കുട്ടി
(B) ഡി. ശ്രീദേവി
(C) സുഗതകുമാരി
(D) എം. കമലം

63. ഇൻഡ്യയുടെ സ്വാതന്ത്ര്യ പതാകയായി ത്രിവർണ്ണപതാകയെ അംഗീകരിച്ച കോൺഗ്രസ്സ് സമ്മേളനം :

(A) ബോംബെ സമ്മേളനം
(B) നാഗ്പൂർ സമ്മേളനം
(C) ലാഹോർ സമ്മേളനം
(D) ലക്നൗ സമ്മേളനം

64. ടൂറിസത്തെ വ്യവസായമായി അംഗീകരിച്ച ആദ്യ സംസ്ഥാനം :

(A) കേരളം (B) ഗോവ

(C) കർണ്ണാടക (D) ഹിമാചൽ പ്രദേശ്

65. താഴെ പറയുന്നവയിൽ ദേശീയതലത്തിൽ പ്രവർത്തിക്കുന്ന മനുഷ്യാവകാശ സംഘടന :

(A) ആംനസ്റ്റി ഇന്റർനാഷണൽ

(B) ഗ്ലോബൽ വാച്ച്

(C) ഹ്യൂമൺ റൈറ്റ്സ് വാച്ച്

(D) പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ്

66. അവസാനമായി ശ്രേഷ്ഠപദവിയിലെത്തിയ ഇൻഡ്യൻ ഭാഷ :

(A) തമിഴ് (B) തെലുങ്ക്

(C) മലയാളം (D) സംസ്കൃതം

67. സമുദ്രനിരപ്പിൽ നിന്നും 1.5 മീറ്റർ താഴ്ന്നു കിടക്കുന്ന പ്രദേശം :

(A) കുട്ടനാട് (B) ആലപ്പുഴ

(C) പാലക്കാട് (D) കൊച്ചി

68. ഇൻഡ്യയുടെ തെക്ക്-വടക്ക് നീളം :

(A) 3214 K.M. (B) 3114 K.M.

(C) 2933 K.M. (D) 38863 K.M.

69. ഒന്നാം സ്വാതന്ത്ര്യസമരത്തെ അടിസ്ഥാനമാക്കി 'മാത്സാ പ്രവാസ്' എന്ന മറാത്ത ഗ്രന്ഥം രചിച്ചത് :

(A) വി.ഡി. സവർക്കർ (B) രാമചന്ദ്ര പാഡുരംഗ്

(C) നാനാ സാഹിബ് (D) വിഷ്ണു ഭട്ട് ഗോഡ്സേ

70. ഇന്റർനാഷണൽ ഡേ ഓഫ് നോൺ വയലൻസ് :

(A) ഡിസംബർ 10 (B) ഡിസംബർ 2

(C) ഒക്ടോബർ 2 (D) ജനുവരി 30

71. It is impossible to separate belief ———————— emotion.

(A) from
(B) with
(C) to
(D) for

72. The corporation is spending a lot of money to ———————— the city.

(A) beauteous
(B) beautiful
(C) beautify
(D) beautifier

73. Would you mind ———————— me a pen?

(A) lend
(B) lending
(C) lended
(D) lends

74. Neither the girl nor her brother ———————— passed.

(A) have
(B) did
(C) do
(D) has

75. 'You are sometimes unwise' means :

(A) you are not always wise
(B) You are always wise
(C) You are always unwise
(D) You are a fool

76. A synonym for 'barren' is :

(A) sterile
(B) fertile
(C) sluggish
(D) fake

77. ———————— they may say, most countries normally do not like to change.

(A) Whenever
(B) Whichever
(C) Whoever
(D) Whatever

78. It is two months ———————— I went to the doctor.

(A) for
(B) did
(C) since
(D) have

79. ———————— you invite him, he will not come.

(A) Even if
(B) While
(C) Whatever
(D) That

80. I can't ———————— your rudeness anymore.

(A) put down
(B) put up with
(C) put out
(D) put off

81. Raju is a veteran in this field but his brother is only a ——————.

(A) natter
(B) novice
(C) nemesis
(D) nexus

82. One word substitute for 'wild and noisy disorder or confusion' is :

(A) Pandemonium
(B) Pharmacopoeia
(C) Phenomenon
(D) Phrenology

83. Find out the correct spelling :

(A) bourgouis
(B) boorshwa
(C) buourgeois
(D) bourgeois

84. 'The pen is —————— than the sword'.

(A) stronger
(B) powerful
(C) mightier
(D) forceful

85. She is ——————, always going to meetings and organizing parties.

(A) as busy as a bee
(B) beating around the bush
(C) like a bump on a log
(D) like a bull in a China shop

86. Last year he —————— the SSLC Examination with distinction.

(A) has passed
(B) had passed
(C) passed
(D) has been passing

87. Nothing will happen, ——————

(A) won't it?
(B) will it?
(C) would it?
(D) wouldn't it?

88. The man —————— writes the book is a friend of mine.

(A) which
(B) that
(C) whose
(D) who

89. Mount Everest is —————— peak in the world.

(A) highest
(B) the higher
(C) the highest
(D) higher than

90. He would buy a car, ——————.

(A) if he had had the money
(B) if he has the money
(C) if he have the money
(D) if he had the money

91. എം.ടി. വാസുദേവൻ നായർക്ക് വയലാർ അവാർഡ് നേടിക്കൊടുത്ത കൃതി :

(A) കുട്ട്യേടത്തി (B) നിർമ്മാല്യം

(C) ഇരുട്ടിന്റെ ആത്മാവ് (D) രണ്ടാമൂഴം

92. 'പരീക്കുട്ടി' താഴെ പറയുന്നവരിൽ ഏതു കൃതിയിലെ കഥാപാത്രമാണ്?

(A) ഉമ്മാച്ചു (B) അറബിപ്പൊന്ന്

(C) ചെമ്മീൻ (D) ബാല്യകാലസഖി

93. 'അടിമത്വം ഏറ്റുവാങ്ങുന്നത് ഏതൊരാൾക്കും ഭൂഷണല്ല'. ഈ വാക്യത്തിലെ തെറ്റായ പ്രയോഗം ഏത്?

(A) അടിമത്വം (B) ഏറ്റുവാങ്ങുന്നത്

(C) ഏതൊരാൾക്കും (D) ഭൂഷണല്ല

94. 'ചരിയിൽ പെടുത്തുക' എന്ന് അർത്ഥം വരുന്ന ശൈലിയേത്?

(A) നക്ഷത്രമെണ്ണിക്കുക (B) ചെണ്ട കൊട്ടിക്കുക

(C) ഉണ്ട ചോറിൽ കല്ലിടുക (D) ഗണപതിക്കു കുറിക്കുക

95. 'മനസ്സാക്ഷി' എന്ന പദം പിരിച്ചെഴുതിയാൽ :

(A) മനഃ + സാക്ഷി (B) മന + സാക്ഷി

(C) മനസ്സ് + സാക്ഷി (D) മനം + സാക്ഷി

96. 'പഠിക്കാൻ മിടുക്കനായ കുട്ടിയാണ് ശ്രീഹരി' ഇതിൽ നാമവിശേഷണമായി വരുന്ന പദം ഏത്?

(A) പഠിക്കാൻ (B) മിടുക്കനായ

(C) കുട്ടിയാണ് (D) ശ്രീഹരി

97. 'താങ്കളെ ഈ തസ്തികയിൽ നിയമിച്ചിരിക്കുന്നു' എന്നതിന് സമാനമായ വാക്യം ഏത്?

(A) You are selected for this post (B) You can join this post

(C) You are appointed to this post (D) You are wait listed for this post

98. 'Do you get me?' എന്നതിന്റെ ഉചിതമായ മലയാള തർജമ ഏത്?

(A) നിങ്ങൾക്കെന്നെ അറിയാമോ? (B) നിങ്ങൾക്കെന്നെ മനസ്സിലാവുമോ?

(C) നിങ്ങൾക്ക് ഞാൻ പറഞ്ഞത് മനസ്സിലായോ? (D) നിങ്ങൾക്ക് മലയാളം അറിയുമോ?

99. താഴെ കൊടുത്തിരിക്കുന്നതിൽ 'സർപ്പം' എന്നർത്ഥം വരാത്ത പദം :

(A) നാഗം (B) നാകം

(C) ഉരഗം (D) പന്നഗം

100. 'കോവിലൻ' ആരുടെ തൂലികാ നാമമാണ്?

(A) പി.സി. ഗോപാലൻ (B) പി.സി. കുട്ടികൃഷ്ണൻ

(C) വി.വി. അയ്യപ്പൻ (D) എ. അയ്യപ്പൻ